സേതുലക്ഷ്മിയും നന്ദകിഷോറും മുന്നിൽ

കലോത്സവം മൂന്നുനാൾ പിന്നിട്ടപ്പോൾ സേതു ലക്ഷ്മിയും നന്ദകിഷോറും മുന്നിൽ. തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിലെ ഒന്നാംവർഷ ബിരുദവിദ്യാർഥിയാണ് നന്ദകിഷോർ. ചേർത്തല സെന്റ് മൈക്കിൾസ് കോളേജിലെ അവസാന വർഷ വിദ്യാർഥിനിയാണ് കെ എസ് സേതുലക്ഷ്മി.

കഴിഞ്ഞവർഷം കൈവിട്ട കലാതിലകപ്പട്ടം നേടാൻ ഏഴ് ഇനങ്ങളിലാണ് സേതുലക്ഷ്മി മത്സരിക്കുന്നത്. മോഹിനിയാട്ടം, പ്രച്ഛന്നവേഷം, കേരളനടനം ഇനങ്ങളിൽ ഒന്നാംസ്ഥാനം നേടി. 15 പോയിന്റുണ്ട്.

സിബിഎസ്ഇ കലോത്സവം 2019 ലെ കലാപ്രതിഭയായിരുന്നു നന്ദകിഷോർ. ഇവിടെ ആദ്യ വട്ടംതന്നെ കലാപ്രതിഭ പട്ടം സ്വന്തമാക്കാമെന്ന പ്രതീക്ഷയിലാണ്. കഥകളി, കേരളനടനം, കുച്ചിപ്പുടി ജനങ്ങളിൽ ഒന്നാം സ്ഥാനവും പ്രച്ഛന്നവേഷത്തിൽ രണ്ടാം സ്ഥാനവും നേടി. 18 പോയിന്റ്.

കുച്ചുപ്പുടി മത്സരത്തിൽ എം എസ് ദേവി കൃഷ്ണ, എംജി കോളജ് തിരുവനന്തപുരം

മുന്നേറ്റം തുടർന്ന് മാർ ഇവാനിയോസ്

അമ്പലപ്പുഴ

കേരള സർവകലാശാല യുവജനോത്സവത്തിൽ 123 പോയിന്റുമായി മൂന്നാം ദിനത്തിലും മാർ ഇവാനിയോസ് മുന്നിൽ. 86 പോയിന്റോടെ സ്വാതി തിരുനാൾ സംഗീത കോളേജും 56 പോയിന്റോടെ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജുമാണ് രണ്ടും മൂന്നും സ്ഥാനത്ത്.

എഴുത്ത്
എസ് ഗീതാഞ്ജലി
ടി ഹരി
അജ്നാസ് അഹമ്മദ്
വി പ്രതാപ്

ചിത്രം
കെ എസ് ആനന്ദ്
മിഥുൻ അനില മിത്രൻ

കളറാക്കി ആരവക്കൂട്ടങ്ങൾ

അമ്പലപ്പുഴ

നിറംപൂശിയ മുടിയുള്ളവരും വിവിധതരം വേഷം ധരിച്ചവരുമായ ആരവക്കൂട്ടങ്ങളും ചമയമണിഞ്ഞ് മത്സരാർഥികളും. താളവും ചുവടും മുറുക്കി കലോത്സവ നഗരി. 'ആഹാ കൊള്ളാലോ, കളറായിട്ടുണ്ട്'. കാണികൾക്ക് കണ്ണുവിടരും കലാ കാഴ്ചകൾ. തിരക്കുമൂലം വീർപ്പുമുട്ടി മൂന്നാം ദിനം.

ഞായറാഴ്ച ആയതിനാൽ നാടാകെ വേദികളിലേക്ക് എത്തി. രാവിലെ മുതൽ മാർഗംകളി, വട്ടപ്പാട്ട്, കുച്ചിപ്പുടി വേദികൾ നിറഞ്ഞുകവിഞ്ഞു. വേദിക്കരികിലെ വെള്ളക്കെട്ട് ബുദ്ധിമുട്ട് ഉണ്ടാക്കാതിരിക്കാൻ കൂടുതൽ മണ്ണിറക്കി നിരത്തിയിരുന്നു.

തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ കാമ്പസുകളിൽനിന്ന് കൂടുതൽ വിദ്യാർഥികൾ എത്തി. തങ്ങളുടെ കോളേജ് ടീമുകൾക്ക് കരഘോഷം മുഴക്കി അവർ ഊർജം പകർന്നു. ഒന്നാമതെത്തിയപ്പോൾ ആർപ്പുവിളിക്കാനും മറന്നില്ല. നിരാശരായവരെ ആശ്വസിപ്പിക്കുന്നവരുമുണ്ട്. വഞ്ചിപ്പാട്ട്, ഓട്ടൻതുള്ളൽ തുടങ്ങി കാഴ്ചക്കാരെയും കേൾവിക്കാരെയും ഏറെ ആകർഷിക്കുന്ന ഇനങ്ങളും ഞായറാഴ്ച അരങ്ങേറി.

ചിരിക്കൂട്ട് ...
യുവജനോത്സവ നഗരിയിൽ ഒത്തുകൂടി സൗഹൃദം പങ്കുവയ്ക്കുന്ന വിദ്യാർഥികൾ

ചങ്ങാതിയെന്ന കണ്ണാടി ...
മത്സരത്തിന് തൊട്ടുമുമ്പായി സുഹൃത്തുക്കൾക്ക് മുമ്പിൽ മോണോ ആക്ട് അവതരിപ്പിച്ച് കാണിക്കുന്ന മത്സരാർഥി

കുച്ചുപ്പുടി മത്സരത്തിന് കൊല്ലം സെന്റ് ജോൺസ് കോളജിലെ നിധി ഉദയിനെ ഒരുക്കുന്ന അമ്മ

ആശാൻ അരങ്ങിൽ; തുണയായി 'സൂപ്പർ അമ്മയും മകളും'

നിലവിലെ കലാപ്രതിഭ എസ് വിഷ്ണുവിന്റെ പ്രകടനം കാണാൻ രണ്ട് സെലിബ്രേറ്റികളുമുണ്ട് കൂടെ. 'സുമേഷ് ആൻഡ് രമേഷ്', 'കിങ് ലയർ', 'നിങ്ങൾ കാമറ നിരീക്ഷണത്തിലാണ്' എന്നീ ചിത്രങ്ങളിലൂടെ ശ്രദ്ധേയയായ ശൈത്യ സന്തോഷും അമ്മ ഷിന സന്തോഷുമാണ് ഈ താരങ്ങൾ. 'സൂപ്പർ അമ്മയും മകളും' എന്ന ചാനൽ റിയാലിറ്റി ഷോയിൽ ഇവരുടെ കൊറിയോഗ്രാഫർ കൂടിയാണ് വിഷ്ണു.

മകൾ നേരത്തേ സിനിമയിലെത്തിയെങ്കിലും അടുത്തിടെയാണ് അമ്മ സിനിമയിലെത്തിയത്. 'പാൽ തു ജാൻവർ' ആയിരുന്നു ആദ്യ സിനിമ. 'അയൽവാശി' യിൽ സൗബിന്റെ നായക കഥാപാത്രത്തിന്റെ ഉമ്മ റുഖിയയായും ശ്രദ്ധനേടി. കേരള നടനം, കുച്ചിപ്പുടി മത്സരങ്ങളിൽ വിഷ്ണു പങ്കെടുത്തു. തിങ്കളാഴ്ച ഭരതനാട്യം, ഫോക്ക് ഡാൻസ് മത്സരങ്ങളുണ്ട്.

ഷിന സന്തോഷ്, എസ് വിഷ്ണു, ശൈത്യ സന്തോഷ്

സ്നേഹക്കുടക്കീഴിൽ ..
മൈം മത്സരത്തിനായി വേദിയിലേക്ക് പോകുന്ന മത്സരാർഥി മഴനനയാതിരിക്കാൻ പേപ്പർ ചൂടിച്ച് ഒപ്പം നടക്കുന്ന കൂട്ടുകാരി

കാണാക്കാഴ്ചകളൊരുക്കി ഷിഫ്ന

തനിക്ക് കാണാനാകാത്ത കാഴ്ചകളെ അപാരമായ ശബ്ദവിന്യാസത്തിലൂടെ അനുഭവവേദ്യമാക്കി കാണികളെ അമ്പരപ്പിക്കയായിരുന്നു ഷിഫ്ന. സദസിന്റെ പൾസറിഞ്ഞ് ചിരിരുചി കൂട്ടി അവൾ മിമിക്രിയിൽ ഒന്നാം സ്ഥാനവും നേടി.

തിരക്കേറിയ റെയിൽവേ സ്റ്റേഷൻ അവതരിപ്പിച്ചായിരുന്നു തുടക്കം. ടെയിനും അനൗൺസ്മെന്റും എല്ലാം കൃത്യം. 'നിങ്ങൾ വിളിക്കുന്ന സബ്സ്ക്രൈബർ തിരിക്കിലാണ്' ക്ഷമ നശിപ്പിക്കുന്ന മൊബൈൽ അറിയിപ്പ് വിവിധ ഭാഷകളിൽ അവൾ അവതരിപ്പിച്ചപ്പോൾ സദസ് പൊട്ടിച്ചിരിച്ചു. നടിമാരായ കാവ്യമാധവനെയും സംയുക്തമേനോനെയും അനുകരിച്ചു.

ജന്മനാ കാഴ്ചയില്ലാത്തതിന് പുറമെ അപൂർവ രോഗവും പിടിപെട്ടിരുന്നു ഷിഫ്ന മറിയത്തിന്. പരിമിതികളിൽ തളരാൻ തയ്യാറാകാത്ത അവൾ എട്ടാം ക്ലാസ് മുതൽ മിമിക്രി വേദിയിലുണ്ട്.

ഇത്തവണ തമിഴ് പദ്യപാരായണത്തിലും ഒന്നാം സ്ഥാനം നേടി. സംസ്കൃത പദ്യപാരായണത്തിൽ രണ്ടാം സ്ഥാനവും ഈ മിടുക്കിക്കാണ്. വർക്കല എസ്എൻ കോളേജ് ബിഎ മലയാളം മൂന്നാംവർഷ വിദ്യാർഥിനിയാണ്. മത്സരം കാണാൻ ഭർത്താവ് രാഹുൽ കൃഷ്ണനും ഉമ്മ ഷാഹിനയും ഒപ്പമുണ്ട്. ഷാഹിനയുടെ ബന്ധുവാണ് നടൻ പ്രേംനസീർ.

ഷിഫ്ന മറിയം എസ് എൻ കോളജ് വർക്കല മിമിക്രി പെൺ ഒന്നാം സ്ഥാനം

മാർഗംകളിയിൽ ഒന്നാംസ്ഥാനം നേടിയ മാർ ഇവാനിയോസ് കോളേജ് തിരുവനന്തപുരം

മത്സര വേദിയിലേക്ക് പോകുന്ന വഞ്ചിപ്പാട്ട് മത്സരാർഥികൾ

ഡബിളടിച്ച് ശ്രാവണസംഗീതം

അമ്പലപ്പുഴ

ഹിന്ദുസ്ഥാനിയിലും കർണാടക സംഗീതത്തിലും ഒന്നാം സ്ഥാനം നേടി സ്വാതി തിരുനാൾ സംഗീത കോളേജിലെ ജി എൻ ശ്രാവൺ. സാരസാംഗി രാഗത്തിൽ നികൈലഭയരതു എന്ന ത്യാഗരാജ കൃതിയാണ് ശ്രാവൺ പാടിയത്. തോടി രാഗത്തിലെ അജ് ഹുൻ എന്ന കൃതി പാടിയാണ് ഹിന്ദുസ്ഥാനിയിൽ ഒന്നാമതെത്തിയത്.

ജി എൻ ശ്രാവൺ

സിബിഎസ്ഇ സ്കൂൾ കലോത്സവങ്ങളിലും വിജയിയായിരുന്നു ശ്രാവൺ. ഹിന്ദുസ്ഥാനിയും കർണാട്ടിക്കും ഒരുപോലെ വഴങ്ങുന്ന ശ്രാവൺ സംഗീതജ്ഞ പദ്മശ്രീ പാറശാല പൊന്നമ്മാളിന്റെ കുടുംബാംഗമാണ്. സംഗീത കോളേജിലെ പ്രൊഫ. ഡോ. ശ്രീദേവ് രാജഗോപാലിന്റെ ശിക്ഷണത്തിലാണ് മത്സരത്തിന് തയ്യാറെടുത്തത്.10 വർഷം സതീഷ് രാമചന്ദ്രന്റെ കീഴിൽ സംഗീതം അഭ്യസിച്ചു.